കേരള സർക്കാർ

# ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

ആയുർവേദ മെഡിക്കൽ കോളേജ് കാമ്പസ്, തിരുവനന്തപുരം

## ബി.എസ്.സി. നേഴ്സിംഗ്(ആയുർവേദം), ബി.ഫാം(ആയുർവേദം) ഡിഗ്രി കോഴ്സിലേയ്ക്കുള്ള പ്രവേശനം 2021-22

**No: G3/522/2021/DAME** **തീയതി 17.09.2021**

**വിജ്ഞാപനം**

**സൂചിക: G.O (Rt) No : 344/2021/AYUSH dated 16.09.2021**

### 1. ആമുഖം

1.1 കണ്ണൂർ പറശ്ശിനിക്കടവ് എം.വി.ആർ ആയുർവേദ മെഡിക്കൽ കോളേജിൽ കേരള ആരോഗ്യ സർവ്വകലാശാല (KUHS) അംഗീകരിച്ച 2021-22 വർഷത്തെ ബി.എസ്.സി. നേഴ്സിംഗ്(ആയുർവേദം), ബി.ഫാം(ആയുർവേദം) ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനം സൂചികയിലെ സർക്കാർ ഉത്തരവു മുഖേന അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി 2021 സെപ്റ്റംബർ 23 മുതൽ 2021 ഒക്ടോബർ 13 വരെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ അപേക്ഷാ ഫീസ് ഒടുക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

1.2 ബി.എസ്.സി നേഴ്സിംഗ്(ആയുർവേദം),ബി.ഫാം(ആയുർവേദം) എന്നീ കോഴ്സുകളുടെ ദൈർഘ്യം 4 വർഷമായിരിക്കും.

**1.3** അപേക്ഷകരെ തിരഞ്ഞെടുക്കൽ:- അപേക്ഷകരെ തിരഞ്ഞെടുക്കുന്നത് എൽ.ബി.എസ്സ് സെന്റർ ഡയറക്ടർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രത്യേക/നിർദ്ദേശാനുസൃത സംവരണത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന അലോട്ട്മെന്റ് മുഖേനയാണ്.

#### 1.4 സീറ്റുകളുടെ വിന്യാസം

ബി.എസ്.സി നേഴ്സിംഗ്(ആയുർവേദം) കോഴ്സിന് ആകെ 50 സീറ്റുകളും, ബി.ഫാം(ആയുർവേദം)ഡിഗ്രി കോഴ്സിന് ആകെ 50 സീറ്റുകളുമാണ് നിലവിലുള്ളത്. എൽ.ബി.എസ്സ് സെന്റർ ഡയറക്ടർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നുമാണ് ഈ സീറ്റുകളിലേക്ക് അലോട്ട്മെന്റ് നടത്തുന്നത്.

### 2. പ്രവേശന യോഗ്യതയുടെ മാനദണ്ഡങ്ങൾ

#### 2.1 ജനനം:

മറിച്ചൊരു നിർദ്ദേശമില്ലെങ്കിൽ ഭാരതീയർക്കു മാത്രമേ പ്രൊഫഷണൽ കോഴ്സിലെ പ്രവേശനത്തിനു അർഹതയുള്ളു. Persons of Indian Origin (PIO) / Overseas Citizenship of India (OCI) കാർഡ് ഉള്ളവരെയും, പ്രവേശനത്തിന്റെ അർഹതയ്ക്കായി ഭാരതീയന് ഒപ്പം പരിഗണിക്കും.

പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനു അപേക്ഷിക്കുന്നവരെ, കേരളീയൻ, കേരളീയേതരൻ എന്നിങ്ങനെ തരംതിരിക്കും.

(i) ***കേരളീയൻ:*** കേരളത്തിൽ ജനിച്ച അപേക്ഷാർത്ഥിയെ കേരളീയനായി തരംതിരിക്കും. 29-05-2008ലെ G.O. (Rt No. 822/08/H.Edn പ്രകാരം കേരള കേഡറിലേക്ക് അലോട്ട് ചെയ്തിട്ടുള്ള കേരളീയേതരരായ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുട്ടികളെ കേരളീയരായി പരിഗണിച്ചിട്ടുണ്ട്. എന്നാൽ അവർ മറ്റ് സംവരണാനുകൂല്യങ്ങൾക്ക് അർഹരല്ല.

(ii) ***കേരളീയേതരൻ;*** കേരളത്തിൽ ജനിക്കാതെ കേരളത്തിൽ യോഗ്യതാ പരീക്ഷയ്ക്കു പഠിച്ച താഴെ കൊടുക്കുന്ന കേരളീയേതരരായ രക്ഷകർത്താക്കളുടെ മകനെ/മകളെ കേരളീയേതരൻ ആയി തരംതിരിക്കും.

(a) ഇന്ത്യാ ഗവൺമെന്റ് ജീവനക്കാർ/കേരളത്തിൽ ജോലിക്കു നിയോഗിക്കപ്പെട്ട പ്രതിരോധ വകുപ്പു ജീവനക്കാർ.

(b) കേരളത്തിലോ അല്ലെങ്കിൽ കേരള സംസ്ഥാനത്തിനു വേണ്ടിയോ കുറഞ്ഞതു രണ്ടു വർഷമെങ്കിലും സേവനമനുഷ്ഠിച്ചിരിക്കണമെന്ന വ്യവസ്ഥയ്ക്കു വിധേയമായി കേരള സർക്കാരിനു കീഴിൽ ജോലി നോക്കുന്നവർ.

(c) കേരളീയേതരനല്ലാത്ത അപേക്ഷാർത്ഥിയുടെ 12 വർഷത്തെ പഠന കാലയളവിൽ 5 വർഷം കേരളത്തിൽ താമസിച്ചിരിക്കണം.

(d) കേരളീയേതരനല്ലാത്ത അപേക്ഷാർത്ഥി എട്ടാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ കേരളത്തിൽ പഠിച്ചിരിക്കണം.

***കേരളീയേതരൻ*** അപേക്ഷാർത്ഥികളെ 'സ്റ്റേറ്റ് മെറിറ്റ്' സീറ്റുകളിലേയ്ക്കു മാത്രമേ പരിഗണിക്കുകയുള്ളു. സാമുദായിക/ പ്രത്യേക/ശാരീരിക അവശത വിഭാഗ സംവരണത്തിനു ഇവർക്കു അർഹതയില്ല.

## 2.2 വിദ്യാഭ്യാസയോഗ്യത

2.2.1 കേരള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കണ്ടറി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷയോ, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്കു മൊത്തത്തിൽ 50 ശതമാനം മാർക്കോടെ ജയിച്ചവർ പ്രവേശനത്തിന് അർഹരാണ്.

2.2.2 അപേക്ഷ സമർപ്പിക്കുന്ന സമയത്തുതന്നെ അപേക്ഷകർ നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയിരിക്കണം.

## 3. അപേക്ഷാഫീസ്

അപേക്ഷാഫീസ് ഇനി പറയുന്നതു പ്രകാരമായിരിക്കും:

| | |
|---|---|
| **പൊതുവിഭാഗത്തിന്** | **600/- രൂപ.** |
| **പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്** | **300/- രൂപ.** |

20.06.2005 ലെ GO (MS) നം.25/2005/SCSTDD ഉത്തരവിലെ ക്ലോസ് 2 (ii) പ്രകാരം പ്രോസ്പെക്ടസിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഒരാൾ SC/ST വിഭാഗത്തിൽപ്പെടുന്ന മിശ്രവിവാഹിത ദമ്പതികളുടെ മക്കൾക്ക്, SC/ST വിഭാഗത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ, സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കും. ഇവർ SC/ST വിഭാഗത്തിനുള്ള അപേക്ഷാഫീസ് ഒടുക്കേണ്ടതാണ്. അപേക്ഷയോടൊപ്പം റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച മിശ്ര വിവാഹ സർട്ടിഫിക്കറ്റും അപ് ലോഡ് ചെയ്യേണ്ടതാണ്.

## 3.1 പ്രോസ്സ്പെക്ടസ്സിന്റെ ലഭ്യത

പ്രോസ്സ്പെക്ടസ്സ് **www.lbscentre.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## 3.2 അപേക്ഷാഫോറം സമർപ്പിക്കുന്ന രീതി

അപേക്ഷ സമർപ്പിക്കുന്നതിന് മൂന്ന് ഘട്ടങ്ങളുണ്ട്. അപേക്ഷകർ എല്ലാ ഘട്ടങ്ങളും നിർബന്ധമായും സമയബന്ധിതമായും പൂർത്തിയാക്കേണ്ടതാണ്.

### ഘട്ടം 1 രജിസ്ട്രേഷൻ

അപേക്ഷകർ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് **"VARIOUS ALLOTMENTS"** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്തശേഷം **"Admission to B.Sc.Nursing (Ayurveda) & B.Pharm(Ayurveda) Degree courses-2021"** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

ഫീസ് അടയ്ക്കുന്നതിന് മുന്നോടിയായി **New Candidate** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് വ്യക്തിഗത വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യുക. അപ്പോൾ കിട്ടുന്ന ആപ്ലിക്കേഷൻ നമ്പർ ഉപയോഗിച്ച് ഫീസ് അടയ്ക്കാവുന്നതാണ്.
ലോഗിൻ ചെയ്യാൻ ഉപയോഗിക്കുന്ന ആപ്ലിക്കേഷൻ നമ്പറും പാസ്സ്‌വേർഡും രജിസ്ട്രേഷൻ ഐ.ഡിയും അപേക്ഷാർത്ഥികൾ സൂക്ഷിച്ചു വയ്ക്കേണ്ടതാണ്.

### ഘട്ടം 2 ആപ്ലിക്കേഷൻ ഫീസ് ഒടുക്കൽ

ഫീസ് ഓൺലൈനായോ ചെല്ലാൻ വഴിയോ അടയ്ക്കാം. ഓൺലൈൻ ആയി അടയ്ക്കുന്നവർക്ക് തുടർന്നു തന്നെ ഓൺലൈൻ ആപ്ലിക്കേഷൻ ഫോം പൂരിപ്പിക്കാവുന്നതാണ് . ചെല്ലാൻ വഴി ഫീസ് അടയ്ക്കുന്നവർക്ക് 24 മണിക്കൂർ കഴിഞ്ഞോ അല്ലെങ്കിൽ പറഞ്ഞിരിക്കുന്ന സമയത്തിന് ശേഷമോ വെബ്സൈറ്റ് വഴി ലോഗിൻ ചെയ്ത് ഫീസ് ഒടുക്കിയ വിവരങ്ങൾ രേഖപ്പെടുത്തി ആപ്ലിക്കേഷൻ ഫോം പൂരിപ്പിക്കുന്നത് തുടരാം. ഇതിനായി ബാങ്കിൽ ഫീസ് അടയ്ക്കുമ്പോൾ ലഭിക്കുന്ന ചെല്ലാൻ നമ്പർ സൂക്ഷിച്ചു വെയ്ക്കേണ്ടതാണ്.

**ഘട്ടം 3 അക്കാദമിക് വിവരങ്ങൾ ഉൾപ്പെടെ മറ്റു വിവരങ്ങൾ രേഖപ്പെടുത്തി ഫൈനൽ കൺഫർമേഷൻ നൽകുക.**

വ്യക്തിഗത വിവരങ്ങളും(**Personal Data**) അതോടൊപ്പം ഹയർ സെക്കണ്ടറി/തത്തുല്യ പരീക്ഷയുടെ മാർക്കും രേഖപ്പെടുത്തുക. ഫോട്ടോയും ഒപ്പും സർട്ടിഫിക്കറ്റുകളും അപ്ലോഡ് ചെയ്യുക. വ്യക്തിഗത വിവരങ്ങളും, യോഗ്യതാ പരീക്ഷാ വിവരങ്ങളും എന്നിവ രേഖപ്പെടുത്തുന്നതിനൊപ്പം അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ (To prove age, nativity, reservation/concession(if any) and marklist) ആണ് അപ്ലോഡ് ചെയ്യേണ്ടത്. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള എല്ലാ സർട്ടിഫിക്കറ്റുകളും പ്രോസ്പെക്ടസിൽ ഉൾകൊള്ളിച്ചിട്ടുള്ള നിശ്ചിത ഫോമിൽ തന്നെ അപ്ലോഡ് ചെയ്യേണ്ടതാണ്. ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ഉപയോഗിക്കാവുന്നതാണ്.

ഫൈനൽ കൺഫർമേഷൻ നൽകുന്നതിന് മുൻപായി അപേക്ഷകർക്ക് അപേക്ഷയുടെ പതിപ്പ് കാണുവാൻ കഴിയും. ഘട്ടം 3 വരെ ശരിയായി പൂർത്തീകരിച്ചു എന്ന് ഉറപ്പുവരുത്തിയശേഷം **"FINAL CONFIRMATION"** നൽകുക . ഫൈനൽ കൺഫർമേഷന് ശേഷം ആപ്ലിക്കേഷനിൽ മാറ്റം വരുത്തുവാൻ സാധിക്കുന്നതല്ല . ഇതിനു ശേഷം അപേക്ഷയുടെ പ്രിന്റൗട്ട് എടുത്തു സൂക്ഷിക്കുക. Final Confirmation നടത്താത്ത **അപേക്ഷകൾ അപൂർണമായി കണക്കാക്കുന്നതും പരിഗണിക്കപ്പെടുന്നതുമല്ല.**

| |
|---|
| **അപേക്ഷാർത്ഥികൾ പാസ്സ് വേർഡും രജിസ്ട്രേഷൻ ഐ.ഡി യും അതീവ രഹസ്യമായി സൂക്ഷിക്കേണ്ടതാണ്. അപേക്ഷ ഫോമിന്റെ പ്രിന്റൗട്ട് (Hardcopy) യാതൊരു കാരണവശാലും എൽ.ബി.എസ് സെന്ററിലേക്ക് അയക്കേണ്ടതില്ല** |

അപേക്ഷാർഥികൾ സമർപ്പിച്ച അപേക്ഷയുടെ പരിശോധനക്കുശേഷമുള്ള വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസിദ്ധപ്പെടുത്തിയ വിവരങ്ങൾ പരിശോധിച്ച് പരാതിയുണ്ടെങ്കിൽ വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന രീതിയിൽ നിശ്ചിത സമയത്തിനുള്ളിൽ അറിയിക്കേണ്ടതാണ്. അപേക്ഷകർ തങ്ങളുടെ അവകാശവാദങ്ങളും ഇൻഡക്സ് മാർക്കും പരിശോധിച്ച് പരാതി ഉണ്ടെങ്കിൽ നിശ്ചിത ദിവസത്തിനുള്ളിൽ രേഖാമൂലം ബോധിപ്പിക്കാത്തതു മൂലമുണ്ടാകുന്ന ഭവിഷ്യത്തുകൾക്ക് അപേക്ഷകർ മാത്രമായിരിക്കും ഉത്തരവാദി. നിർദ്ദിഷ്ട തീയതിക്കുശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**4. റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ:-**

രണ്ട് റാങ്ക് ലിസ്റ്റുകൾ താഴെ സൂചിപ്പിക്കുന്നതുപോലെ ഉണ്ടായിരിക്കും.

4.1 **റാങ്ക് ലിസ്റ്റ് 1**

ബി.എസ്സ്.സി നഴ്സിംഗ് (ആയുർവേദം) കോഴ്സിന് യോഗ്യതാപരീക്ഷയുടെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളുടെ അവസാനവർഷ പരീക്ഷയുടെ ആകെ മാർക്കാണ് പരിഗണിക്കുക.

4.2 **റാങ്ക് ലിസ്റ്റ് 2**

ബി.ഫാം. (ആയുർവേദം) കോഴ്സിനായി റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ യോഗ്യതാ പരീക്ഷയുടെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളുടെ അവസാനവർഷ പരീക്ഷയുടെ ആകെ മാർക്കാണ് പരിഗണിക്കുക.

5. അപേക്ഷാർത്ഥികളുടെ റാങ്കും അവർ നൽകുന്ന കോഴ്സ് ഓപ്ഷനുകളും അടിസ്ഥാനമാക്കിയാകും അലോട്ട്മെന്റ് നൽകുക.

6. അപൂർണ്ണമായതോ, തെറ്റായതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

7. അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങളോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല.

8. സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി എൽ.ബി.എസ്സ് സെന്റർ ഫോർ സയൻസ് & ടെക്നോളജി ഡയറക്ടർ അലോട്ട്മെന്റ് നടത്തുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് പ്രോസ്പെക്ടസ്സിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

9. കൂടുതൽ വിവരങ്ങൾക്ക് 0471-2560363, 2560364 എന്നീ ഹെൽപ്പ് ലൈൻ നമ്പറുകളുമായി ബന്ധപ്പെടുക.

THE DIRECTOR AYURVEDA MEDICAL EDUCATION
GOVERNMENT OF KERALA
Thiruvananthapuram

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസഡയറക്ടർ

Dr. HARIKRISHNAN THIRUMANGALATH
DIRECTOR
Ayurveda Medical Education
Thiruvananthapuram